# അഴീക്കൽ ശ്രീ പാമ്പാടി ആലിൻ കീഴിൽ ക്ഷേത്രം

പി.ഒ. അഴീക്കൽ, കണ്ണൂർ- 670009

# വിഷു ആഘോഷം



ഭക്തജനങ്ങളെ,

ഈ വർഷത്തെ വിഷു ആഘോഷത്തിന്റെ ഭാഗമായി ക്ഷേത്രത്തിൽ 2016 ഏപ്രിൽ 14ന് (1191 മേടം 1 ന്) വിഷുക്കണിവെക്കുന്നതും അന്നേദിവസം രാവിലെ 5.30 മുതൽ 8 മണിവരെ ഭക്തജനങ്ങൾക്ക് വിഷുക്കണി കാണാൻ സൗകര്യമുണ്ടായിരിക്കുന്നതുമാണെന്നുള്ള വിവരം മുഴുവൻ ഭക്തജനങ്ങളെയും അറിയിച്ചു കൊള്ളുന്നു

അഴീക്കൽ,
9.4.2016

എന്ന്,
പ്രസിഡണ്ട്/ സെക്രട്ടറി

## കൊല്ലവർഷം 1191ലെ വിഷുഫലം (ദുർമുഖി നാമസംവത്സരം)

വൃശ്ചികശ്ശനി, ചിങ്ങവ്യാഴം കൊല്ലവർഷം 1191 മീനം 30-ാം തിയ്യതി (2016 ഏപ്രിൽ 13-ാം തിയ്യതി) ബുധനാഴ്ച ഉദയാദി 32 നാഴിക 4 വിനാഴികക്ക് മിഥുനക്കൂറിൽ പുണർതം നക്ഷത്രവും, ശുക്ലപക്ഷം സപ്തമിതിഥി സുരഭിക്കരണം സുകർമ്മ നാമ ചന്ദ്രാർക്കയോഗവും കൂടിയ ദിവസം ജലഭൂദോദയത്തിൽ,

### മേഷവിഷുസംക്രമം.

| | | | |
|---|---|---|---|
| രാജാ : | - ശുക്ര: | സംക്രാന്തിദേവത | - മന്ദാകിനി |
| മന്ത്രി : | - ബുധ: | സംക്രമപുരുഷ | - ശയന: |
| സേനാധിപ: | - കുജ: | വാഹനം | - മഹിഷം |
| സസ്യാധിപ: | - മന്ദ: | വസ്ത്രം | - കമ്പളം |
| ധാന്യാധിപ: | - ഗുരു: | അലങ്കാരം | - നീല |
| അർഘാധിപ: | - കുജ: | വിലേപനം | - വസ |
| മേഘാധിപ: | - കുജ: | ഭക്ഷണം | - ദധി |
| രസാധിപ: | - ചന്ദ്ര: | വർഷം | - 3പറ |
| നീരസാധിപ: | - മന്ദ: | കണി | - കിടന്നുകണി |



*1191 മേടമാസം 1ാം തിയ്യതി (2016 ഏപ്രിൽ 14ന്) വ്യാഴാഴ്ച പുലർച്ചെ 4.15നും 4.45നും ഉള്ളിൽ കണിക്കു മുതിർക്കുവാനും 5 മണിക്കുശേഷം കണികാണുവാനും കണികണ്ടശേഷം കൈവിത്തിടുവാനും, ക്ഷേത്രദർശനം, ഗുരുവന്ദനം, സത്സംഗം, തുടങ്ങിയ പുണ്യകർമ്മങ്ങൾക്കും നന്ന്.*

പുണർതം, വിശാഖം, പൂരുരുട്ടാതി എന്നീ നക്ഷത്രക്കാർ കണിക്കുമുതിർക്കരുത്. കണികാണാം.

### 1191 മേടം മുതൽ ഒരു വർഷത്തെ ശൂലഫലങ്ങൾ

**അശ്വതി, ഭരണി, കാർത്തിക, രോഹിണി, മകീര്യം, രേവതി :-** അഭീഷ്ടസിദ്ധി, ദേവകാരുണ്യം, ഉന്നതി ഇവ ഫലം

**തിരുവാതിര, പുണർതം, പൂയം :-** ബന്ധുജനനാശം, ധനനാശം, മാനഹാനി, സഞ്ചാരം, രോഗദുരിതദുഃഖങ്ങൾ ഇവ ഫലം

**ആയില്യം, മകം, പൂരം, ഉത്രം, അത്തം, ചിത്ര :-** സ്ഥാനമാനലബ്ധി, സന്താന സൗഭാഗ്യം, അഭീഷ്ട സിദ്ധി, ദൈവാധീനം ഫലം

**ചോതി, വിശാഖം, അനിഴം :-** ബന്ധുജനനാശം, രോഗം, അപമാനം, സഞ്ചാരക്ലേശം ഇവ ഫലം

**തൃക്കേട്ട, മൂലം, പൂരാടം, ഉത്രാടം, തിരുവോണം, അവിട്ടം:-** വിവാഹാദിനന്മകാര്യങ്ങൾ, സമ്പൽ സമൃദ്ധി, രാജകൃപ ഇവ ഫലം

**ചതയം, പൂരുരുട്ടാതി, ഉത്രട്ടാതി :-** രക്തദൂഷ്യരോഗങ്ങൾ, ശത്രുഭയം, വിഷഭയം ഇവ ഫലം

ഈവർഷം ഭാരതത്തിന്റെ സാമ്പത്തികോന്നമനത്തിനു സാദ്ധ്യത ഉണ്ട്. ലോകനിലവാരത്തിൽ സമ്പത് വ്യവസ്ഥ ക്രമീകരിക്കുവാൻ ആസൂത്രണവൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്തുവാൻ സാധിക്കും. പദ്ധതി പ്രഖ്യാപനം ജനങ്ങളിലെത്തിക്കുവാൻ ഭരണകൂടത്തിനു സാധിക്കില്ല. ഭരണാധികാരികളുടെ ദൂരവീക്ഷണം ഇല്ലായ്മ, സ്വാർത്ഥത ഇവകാണും. സ്വജനപക്ഷപാതം, അപവാദം ഇവ ഉണ്ടാകും. കാലാവസ്ഥാ വ്യതിയാനം നാശനഷ്ടം വരുത്തും. തെക്കു കിഴക്കൻഭാഗങ്ങളിലും വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിലും പ്രകൃതി ക്ഷോഭംമൂലം നാശനഷ്ടം കാണും..